(ഡി) അക്ഷരലക്ഷം പദ്ധതിയുടെ (രണ്ടാം ഘട്ടം) സുഗമമായ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാ തലങ്ങളിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, കീ റിസോഴ്സ് പേഴ്സൺമാർ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് ജില്ലാതലങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി സർക്കാർ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. അക്ഷരലക്ഷം പദ്ധതിയുടെ ഭാഗമായി ആദിവാസി മേഖല, തീരദേശ മേഖല, നഗരചേരികൾ, മത്സ്യത്തൊഴിലാളികൾ, ഭാഷാ ന്യൂനപക്ഷ മേഖലകൾ എന്നീ നിരക്ഷരതാ ഇരുത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ കേരളത്തിലെ 50,000 പേരെ സാക്ഷരരാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദിവാസി സാക്ഷരതാ പരിപാടിയുടെ ഭാഗമായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബ്ലോക്കുതല മീറ്റിംഗുകളും പഞ്ചായത്തുതല മീറ്റിംഗുകളും വിളിച്ച് ചേർത്ത് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മിഷൻ 676-ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഫ്ലെയർ (FLAIR) പദ്ധതി

107 (1136) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫ്ലെയർ (Fostering Linkage In Academic Innovation and Research) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്ലെയർ പദ്ധതിക്ക് രണ്ട് ലക്ഷ്യങ്ങൾ ഉണ്ട്.

1. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവ്വകലാശാല വകുപ്പുകളിലും പുതിയതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ചരീതിയിലുള്ള അദ്ധ്യാപന പരിശീലനവും അദ്ധ്യാപനത്തിലും ഗവേഷണത്തിലും മികച്ച ദേശീയ/ അന്തർദ്ദേശീയ സ്ഥാപനത്തിൽ പരിശീലനവും പദ്ധതിപ്രകാരം നൽകുന്നു. അഞ്ച് വർഷത്തിൽ താഴെ സർവ്വീസുള്ള ഇനിയും 20 വർഷമെങ്കിലും സർവ്വീസ് ഉള്ളവരുമായ യുവ അദ്ധ്യാപകരെയാണ് ഫ്ലെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

2. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഫ്ലെയർ പദ്ധതി ദേശീയതലത്തിൽ ഹൈദരാബാദ് എഫ്ലു (EFLU) ഐ.ഐ.റ്റി. മദ്രാസ്, ഐ.ഐ.റ്റി. മുംബൈ, ബാംഗ്ലൂരിലെ സെന്റർ ഫോർ നാനോ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, Indian Institute of Science, TATA Institute of Social Science, Mumbai; National Institute of Technology, Bhopal; University of Delhi, ഐ.ഐ.ടി., ഗുവഹാത്തി, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ജെ.എൻ.യു., തുടങ്ങിയ സ്ഥാപനങ്ങളുമായും അന്തർദ്ദേശീയ തലത്തിൽ ബ്രിട്ടീഷ് കൗൺസിൽ, ഹയർ എഡ്യൂക്കേഷൻ അക്കാഡമി, യു.കെ., ബ്രിട്ടണിലെ ഷെഫീൽഡ് ഹള്ളാം, സൌതാപ്റ്റൻ റോഹാമറ്റൻ, ആഗ്ലിയാ റസ്കിൻ, ദർഹാം തുടങ്ങിയ സർവ്വകലാശാലകളുമായി ചേർന്ന് സഹകരിച്ച് പരിശീലനം നടത്തിവരുന്നു.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെകീഴിലുള്ള ഫ്ലെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഫ്ലെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറെയും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. അക്കാദമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകാനുമായി ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിൽ ഒൻപത് പേരടങ്ങുന്ന ഒരു പരിശീലന ടീം പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly